പതിനാറാം കേരളനിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 2056 **26-10-2026-ൽ മറുപടിയ്ക്ക്**

പാലിലെ അഫ്ലാട്ടോക്സിൻ സാന്നിദ്ധ്യം

ചോദ്യം ഉന്നയിച്ച അംഗങ്ങൾ **മറുപടി നൽകിയ മന്ത്രി**

ശ്രീ. വിഷ്ണു മോഹൻ ശ്രീ. കെ. മുരളീധരൻ
(ആരോഗ്യ - ദേവസ്വം വകുപ്പ് മന്ത്രി)

(എ) സംസ്ഥാനത്ത് വിതരണം ചെയ്യുന്ന പാലിൽ ക്യാൻസറിന് വരെ കാരണമാകാവുന്ന അഫ്ലാട്ടോക്സിൻ-ന്റെ സാന്നിദ്ധ്യം കണ്ടെത്തിയിട്ടുണ്ടോ, ഇതുമായി ബന്ധപ്പെട്ട് ഭക്ഷ്യസുരക്ഷാ വകുപ്പ് അടുത്തകാലത്ത് നടത്തിയ പരിശോധനകളുടെ വിവരങ്ങൾ ലഭ്യമാക്കുമോ;

മറുപടി: സംസ്ഥാനത്ത് വിതരണം ചെയ്യുന്ന പാലിൽ അഫ്ലാട്ടോക്സിന്റെ സാന്നിദ്ധ്യം കണ്ടെത്തിയിട്ടുണ്ട്. ഇതുമായി ബന്ധപ്പെട്ട് 4033 പരിശോധനകൾ നടത്തിയിട്ടുണ്ട്. 4543 പാൽ സാമ്പിളുകൾ ശേഖരിച്ച് പരിശോധനയ്ക്ക് അയച്ചതിൽ 5 സാമ്പിളുകളിൽ അഫ്ലാടോക്സിന്റെ സാന്നിധ്യം കണ്ടെത്തിയിട്ടുണ്ട്.

(ബി) പൂപ്പൽ ബാധിച്ച കാലിത്തീറ്റ വഴി ഇത് കന്നുകാലികളിലേയ്ക്കും അവയുടെ പാൽ ഉപയോഗിക്കുക വഴി മനുഷ്യരിലേക്കും എത്തുന്നത് തടയാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കുമോ;

മറുപടി: ക്ഷീരവികസന വകുപ്പ് പാലിൽ അഫ്ലാടോക്സിൻ സാന്നിധ്യം ഒഴിവാക്കുന്നതിനായി സ്വീകരിക്കേണ്ട നടപടികളെകുറിച്ച് ജില്ല ഗുണ നിയന്ത്രണ ഓഫീസർമാർക്കും, ബ്ലോക്ക് തല ഉദ്യോഗസ്ഥർക്കും ഗുണ നിയന്ത്രണ ഓഫീസർമാരുടെ യോഗത്തിൽ കർശന നിർദേശം നൽകിയിട്ടുണ്ട് . വകുപ്പ് മുഖേന സംഘടിപ്പിക്കുന്ന ക്ഷീര കർഷക സമ്പർക്ക പരിപാടികൾ, പാൽ ഗുണമേന്മാ ബോധ വൽക്കരണ പരിപാടികൾ എന്നിവയിലും ക്ഷീരസംഗമങ്ങളോട് അനുബന്ധിച്ച് നടത്തുന്ന ക്ലാസുകൾ, ക്ഷീര പരിശീലന കേന്ദ്രങ്ങൾ എന്നിവ മുഖേന കർഷകർക്കിടയിൽ വ്യാപകമായ ബോധവൽക്കരണം നടത്തുന്നതിനും, ഈ വിഷയത്തിന് പ്രത്യേക പ്രാധാന്യം നൽകുന്നതിനും നിർദേശിച്ചിട്ടുണ്ട്. കർഷകർ, ക്ഷീരസംഘങ്ങൾ, ഫീൽഡ് തല ഉദ്യോഗസ്ഥർ, ഗുണ നിയന്ത്രണ ഉദ്യോഗസ്ഥർ എന്നിവർ ഈ വിഷയത്തിൽ സ്വീകരിക്കേണ്ട നടപടികളെ കുറിച്ചും, അഫ്ലാടോക്സിൻ, പരിശോധനകൾ കർശനമാക്കുവാനും സർക്കുലർ മുഖേനെ നിർദേശം നൽകിയിട്ടുണ്ട്.

(സി) അഫ്ലാട്ടോക്സിൻ-ന്റെ സാന്നിധ്യം ഉള്ള പാൽ വിതരണം ചെയ്ത നിർമ്മാതാക്കൾക്കും വിതരണക്കാർക്കും എതിരെ ഭക്ഷ്യസുരക്ഷാ നിയമപ്രകാരം നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

<u>മറുപടി:</u> അഫ്ലാട്ടോക്സിൻ സാന്നിധ്യം പാലിൽ കണ്ടെത്തിയതിനെ തുടർന്ന് അത്തരം സാമ്പിളിന്റെ നിർമ്മാണം, പ്രോസസിംഗ്, വിതരണം എന്നിവയുമായി ബന്ധപ്പെട്ട ഭക്ഷ്യ സംരംഭങ്ങൾക്കെതിരെ പ്രോസിക്യൂഷൻ നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

(ഡി) പാലിൽ അഫ്ലാട്ടോക്സിൻ-ന്റെ സാന്നിദ്ധ്യം തിരിച്ചറിഞ്ഞശേഷം ഈ വിഷയത്തിൽ ഭക്ഷ്യസുരക്ഷാ വകുപ്പ് സ്വീകരിച്ച നടപടികൾ എന്തെല്ലാമെന്ന് വിശദമാക്കാമോ?

<u>മറുപടി:</u> പാലിൽ അഫ്ലാട്ടോക്സിന്റെ സാന്നിധ്യം ഉണ്ടാകുവാനുള്ള കാരണം പൂപ്പൽ ബാധിച്ച കാലിത്തീറ്റയാണെന്ന വിവരം ബോധ്യപ്പെട്ടിട്ടുള്ളതിനാൽ പ്രസ്തുത വിവരം ക്ഷീരവികസന വകുപ്പിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. അതിനെ തുടർന്ന് കാലിത്തീറ്റയുടെ ഗുണനിലവാരവും സുരക്ഷയും ഉറപ്പുവരുത്തുന്നത് സംബന്ധിച്ച് ഒരു സംയുക്ത യോഗം ക്ഷീരവികസന ഡയറക്ടറും ഭക്ഷ്യസുരക്ഷാ കമ്മീഷണറും ചേർന്നിട്ടുണ്ട്. അത് പ്രകാരം കാലിതീറ്റയുടെ ഗുണനിലവാരം നിർണയിക്കുന്നതിനും ഉറപ്പുവരുത്തുന്നതിനുമായി നിയമനിർമ്മാണം നടത്തുന്ന വിഷയം ക്ഷീരവികസന വകുപ്പിന്റെ പരിഗണനയിലാണ്. ഇത് സംബന്ധിച്ച് ക്ഷീരവികസന വകുപ്പ് മന്ത്രി ഭക്ഷ്യസുരക്ഷാ വകുപ്പും മറ്റ് ബന്ധപ്പെട്ട വകുപ്പുമായി 10/09/2026 ൽ സംയുക്ത യോഗം ചേർന്നിട്ടുള്ളതാണ്.

സെക്ഷൻ ഓഫീസർ